(എച്ച്) സംസ്ഥാനത്തെ സ്പിരിറ്റിന്റെ ദൗർലഭ്യം പരിഗണിച്ച് ചെറുകിട മേഖലയിൽ ഏതാനും ഡിസ്റ്റിലറികൾ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചത്. സ്പിരിറ്റ് ഉൽപ്പാദനത്തിലും വിതരണത്തിലും സർക്കാർ നിയന്ത്രണം ഉണ്ടായിരിക്കും എന്ന ഉപാധിയോടെയാണ് ഈ തീരുമാനം എടുത്തത്. ഇത് ഒരു പുതിയ മേഖലയായതിനാൽ ഡിസ്റ്റിലറികളുടെ എണ്ണം കഴിയുന്നിടത്തോളം ചുരുക്കാനും തീരുമാനിക്കപ്പെട്ടു. പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്.

(ഐ) തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിങ്ങനെ മൂന്നു മേഖലകളിലായി സ്ഥാപിക്കാനാണ് സർക്കാർ അനുമതി നൽകിയിരുന്നത്.

(ജെ) ആർക്കും ലൈസൻസ് നൽകിയിട്ടില്ല.

(കെ) വിശദമായ കണക്ക് എടുത്തിട്ടില്ല. എങ്കിലും സ്റ്റേറ്റിന്റെ ആവശ്യത്തിന് മതിയായ സ്പിരിറ്റ് ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് ഉദ്ദേശിക്കപ്പെടുന്നത്. ഉല്പാദനം ഡിസ്റ്റിലറികളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും.

(എൽ) ഇല്ല.

(എം) ചോദ്യം ഉദിക്കുന്നില്ല.

(എൻ) ഉണ്ട്.

(ഒ) ഡിസ്റ്റിലറികൾ അനുവദിക്കാൻ തീരുമാനമെടുത്തശേഷം, കേന്ദ്ര സർക്കാർ കേരളത്തിനാവശ്യമുള്ള സ്പിരിറ്റ് നൽകാമെന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിലാണ് തീരുമാനം റദ്ദാക്കിയത്.

(പി) ഇക്കാര്യത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണത്തിന്റെ ആവശ്യമില്ല.

സംസ്ഥാനത്തെ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

* 34. [37] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :
,, കെ. പുരുഷോത്തമൻ :
,, സി. പി. മൂസ്സാൻകുട്ടി :
,, പി. സി. തോമസ് (കടുത്തുരുത്തി) :
,, പി. വി. കുഞ്ഞിക്കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷം എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ട് ;

(ബി) ഇത് കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് കൂടുതലാണോ ;

(സി) ആണെങ്കിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ എണ്ണം വർദ്ധിക്കുവാനുള്ള കാരണമെന്ത് ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷാരംഭത്തിൽ 5,205 പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ടായിരുന്നു.

(ബി) കൃത്യമായ കണക്കു ശേഖരിച്ചു വരുന്നതേയുള്ളു.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly